**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **17-09-2025 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. ഇന്റലിജൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന് അനുവദിച്ച രഹസ്യനിധിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാരോ വകുപ്പോ ഏതെങ്കിലും വിധത്തിലുള്ള സ്കൂട്ടിനിയോ ഇന്റേണൽ ഓഡിറ്റോ നടത്തിയിട്ടുണ്ടോ; | (എ) | കേരള ഫിനാൻഷ്യൽ കോഡ് വോളിയം II അപ്പെൻഡിക്സ് 6 ലെ "റൂൾസ് ഫോർ അഡ്മിനിസ്ട്രേഷൻ സൂപ്പർ വിഷൻ കൺട്രോൾ ഓഫ് സീക്രെട് സർവീസ് എക്സ്പെൻസ്" പ്രകാരം രഹസ്യ സേവന ഫണ്ട് ഓഡിറ്റ് വിധേയമല്ല. എന്നാൽ കേരള സർക്കാർ പരിപത്രം നമ്പർ 51/09/ഫിൻ തീയതി 24.06.2009 അനുസരിച്ചാണ് ഫണ്ടിന്റെ വിനിയോഗം നടത്തുന്നത്. |
| (ബി) | പ്രസ്തുത രഹസ്യനിധി വ്യാപകമായി ദുരുപയോഗം ചെയ്തു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉന്നത ബ്യൂറോക്രാറ്റുകളും കുടുംബാംഗങ്ങളും ഫൈവ് സ്റ്റാർ ഹോട്ടലുകളിലും റിസോർട്ടുകളിലും അവധി ആഘോഷങ്ങൾ നടത്തുന്നതിന് രഹസ്യനിധി വിനിയോഗിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ